# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3944** **15.03.2017-ൽ മറുപടിക്ക്**

സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ :<br>ശ്രീ. കെ. രാജൻ<br>ശ്രീമതി സി.കെ. ആശ | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) | 2017 മാർച്ച് മാസത്തോടുകൂടി കേരളത്തിലെ എല്ലാ വീട്ടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുക, ധനസ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആവിധത്തിലും, ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതി ഉത്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള ധന സ്രോതസ്സ് കണ്ടെത്താൻ സഹായിക്കുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ സമ്പൂർണ്ണ വൈദ്യുതീകരണം സമയബന്ധിതമായി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വനത്തിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിനായി വനം വകുപ്പിന്റെയും സ്വകാര്യ വസ്തുക്കളിൽ കൂടി ലൈൻ വലിക്കുമ്പോഴുള്ള തർക്കപരിഹാരത്തിനായി റവന്യൂ വകുപ്പിന്റെയും സഹകരണം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | വൈദ്യുതി ലഭിക്കേണ്ട ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവർക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുമുള്ള | (ബി) | കേരളത്തിലെ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന്റെ ആദ്യ ഘട്ടം ഗുണ ഭോക്താക്കളെ കണ്ടെത്തുകയായിരുന്നു. |

| | | | |
|---|---|---|---|
| | നടപടികൾ എത്രത്തോളം പുരോഗമിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നടപടിക്രമങ്ങൾ കൂടി അറിയിക്കുമോ; | | ലഘുവായ ഒരു അപേക്ഷ ഫാറം മുഖാന്തിരം സെക്ഷൻ ഓഫീസിൽ നേരിട്ടും ജന പ്രതിനിധികൾ വഴിയും കെ.എസ്.ഇ.ബി യുടെ "Customer CareCentre" വഴിയും അപേക്ഷ സമർപ്പിക്കാൻ അവസരം ഒരുക്കിയിരുന്നു. രജിസ്റ്റർ ചെയ്ത അപേക്ഷ കരുടെ സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ശൃംഖല വ്യാപിപ്പിക്കേണ്ട സാഹചര്യങ്ങളിൽ വൈദ്യുതി ലൈൻ എത്തിച്ച് വരുന്നു. തുടർന്ന് വയറിങ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വൈദ്യുത കണക്ഷനുകളുടെ അപേക്ഷകൾ സ്വീകരിച്ചതിന് ശേഷം കണക്ഷൻ ലഭ്യമാക്കുന്നതാണ്. 08.03.2017-ലെ കണക്കനുസരിച്ച് 1,25,000 ൽ പരം ഗുണഭോക്താക്കൾ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 88,000 ത്തോളം വീടുകൾക്ക് ടി പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. |
| (സി) | വൈദ്യുതി വിതരണ ശൃംഖല സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്? | (സി) | അപേക്ഷകരുടെ സ്ഥല പരിശോധന നടത്തിയതിന് ശേഷം വൈദ്യുതി വിതരണ ശൃംഖല വ്യാപിപ്പിക്കുന്നതിന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ലൈൻ നിർമ്മിക്കുന്നതിന് വസ്തു ഉടമയുടെ എതിർപ്പ് നേരിടുന്ന പക്ഷം ആയത് നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെയും വനത്തിലൂടെ ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ മുൻകൂർ അനുമതി ആവശ്യമുള്ളത് ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈദ്യുത ലൈൻ നിർമ്മിക്കുന്നതിനാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുകയും പ്രവർത്തികൾ കരാർ നൽകുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ലൈൻ നിർമ്മിക്കുന്ന പണിയും വൈദ്യുത കണക്ഷനുകൾ നൽകുന്ന പ്രവർത്തിയും ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |

| | | |
|---|---|---|
| | | സംസ്ഥാനത്തെ ഉൾനാടൻ ഗ്രാമപ്രദേശങ്ങൾ പട്ടിക വർഗ്ഗ ഊരുകൾ/ ലൈൻ വലിച്ചു വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടായ പുഴയും ആറും കടന്നുപോകുന്ന മേഖലകൾ/ വനാന്തര പ്രദേശങ്ങൾ തുടങ്ങിയവയിൽ വൈദ്യുതി എത്തിക്കുന്നതിനായി ഓരോ വീടുകളിലും സോളാർ പദ്ധതി സ്ഥാപിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം 447 ഗാർഹിക ഉപഭോക്താക്കളെ കണ്ടെത്തുകയും, 31.03.2017 മുമ്പായി പദ്ധതി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**